**ശ്രദ്ധക്ഷണിക്കൽ**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കഴിഞ്ഞ 16-ാം തീയതി ഇതേ വിഷയം സംബന്ധിച്ച് ഞാൻ എഴുതിതന്നിരുന്നു. അത് തമസ്കരിച്ചുകൊണ്ട് എന്നെ പരിഗണക്കാത്തത് എന്നോടു കാണിക്കുന്ന അനീതിയാണ്.

മി. സ്പീക്കർ: അങ്ങയെ വിളിച്ചിട്ടില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് നല്കിയ ശ്രദ്ധക്ഷണിക്കലിന്റെ അതേ വിഷയത്തെ സംബന്ധിച്ചുള്ള ഒരു സബ്മിഷൻ അങ്ങും നല്കിയിരുന്നു. സഭയെ ഞാൻ അക്കാര്യം അറിയിക്കാൻ പോകുകയായിരുന്നു.

**എസ്.ബി.റ്റി-എസ്.ബി.ഐ ലയന തീരുമാനം**

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കേരളത്തിൽ ഹെഡ് ഓഫീസുള്ള ഏക പൊതുമേഖലാ ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. കേരള സർക്കാരിന് ഓഹരി പങ്കാളിത്തമുള്ള ഏക പൊതുമേഖലാ ബാങ്കും എസ്.ബി.റ്റി- ആണ്. പേര് സൂചിപ്പിക്കുന്നതുപോലെ എസ്.ബി.റ്റി കേരളത്തിന്റെ സ്വന്തം ബാങ്കാണ്. വിവിധ പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ച് വലിയ ബാങ്കുകളുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ എസ്.ബി.റ്റി അടക്കമുള്ള അസോസിയേറ്റ് ബാങ്കുകളെ എസ്.ബി.ഐ-ൽ ലയിപ്പിക്കാനുള്ള തീരുമാനവുമായി കേന്ദ്രഗവൺമെന്റ് മുന്നോട്ടു പോകുന്നത്. കേരളീയ ജീവിതവുമായി ഇഴപിരിച്ച്

എടുക്കാനാവാത്ത ബന്ധമാണ് എസ്.ബി.റ്റി-ക്കുള്ളത്. കേരളത്തിൽ മാത്രമായി 852 ശാഖകളും 1345 എ.റ്റി.എം-കളുമുണ്ട്. ഇന്ത്യ ഒട്ടാകെ 1117 ശാഖകളുണ്ട്. മറ്റ് ബാങ്കുകൾ കേരളത്തിനു പുറത്തുനിന്നും കേരളത്തിലേയ്ക്ക് വന്നപ്പോൾ എസ്.ബി.റ്റി. കേരളത്തിൽ പൂർണ്ണ വളർച്ച പ്രാപിച്ച് പുറത്തേയ്ക്കുപോയ ബാങ്കാണ്. കൃഷിക്കും ചെറുകിട വ്യവസായത്തിനും വിദ്യാഭ്യാസത്തിനും സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വായ്പ നൽകിയിട്ടുള്ളത് എസ്.ബി.റ്റി ആണ്. ഈ ബാങ്കിന്റെ 90 ശതമാനം വായ്പകളും കേരളത്തിലാണ് നൽകിയിട്ടുള്ളത്. വിദ്യാഭ്യാസ ലോണുകളുടെ 25 ശതമാനവും എസ്.ബി.റ്റി-യാണ് നൽകിയിട്ടുള്ളത്. പടുകൂറ്റൻ ബാങ്കുകൾ രൂപീകരിക്കാനുള്ള ശ്രമത്തിൽ പുറംതള്ളപ്പെടുന്നത് ചെറുകിട ബാങ്ക് ഇടപാടുകാരാകുമെന്നതിൽ യാതൊരു സംശയവും വേണ്ട. പടുകൂറ്റൻ ബാങ്കുകൾ പടുകൂറ്റൻ ഡെപ്പോസിറ്റുകളും പടുകൂറ്റൻ വായ്പകളുമാണ് നൽകുക. അവിടെയൊന്നും സാധാരണക്കാരനോ അവന്റെ ചെറിയ വായ്പയ്ക്കോ അവന്റെ ജീവിത സ്വപ്നങ്ങൾക്കോ കേരളത്തിന്റെ ആവശ്യങ്ങൾക്കോ സ്ഥാനമുണ്ടാവില്ല എന്ന കാര്യത്തിലും ആർക്കും സംശയം വേണ്ട. എസ്.ബി.റ്റി-യെ ലയിപ്പിച്ചതുകൊണ്ട് കേരളത്തിനോ കേരളത്തിലെ ജനങ്ങൾക്കോ യാതൊരുവിധ പ്രയോജനങ്ങളുമുണ്ടാകില്ലെന്നുള്ള സുപ്രധാനമായ കാര്യം നമ്മൾ ഓർക്കേണ്ടതായിട്ടുണ്ട്. എന്നുവച്ചാൽ, നിലവിൽ നൽകുന്ന വായ്പകളിൽ കുറവുവരുമെന്നല്ലാതെ കേരളത്തിലെ ജനങ്ങളെയോ ജനജീവിതത്തെയോ

ബന്ധിപ്പിക്കുന്ന ഒരു കാര്യത്തിലും അവർ ശ്രദ്ധിക്കാൻ പോകുന്നില്ല. അവരെ സംബന്ധിച്ച് ഈ വലിയ ബാങ്കുണ്ടായതിനുശേഷം അവരുടെ വായ്പയിൽ ചെറിയ ശതമാനം ഒരു ചെറിയ സംസ്ഥാനത്ത് കൊടുത്തു എന്നുള്ളതല്ലാതെ എസ്.ബി.റ്റി ഇന്ന് നൽകുന്നതുപോലെയുള്ള വായ്പകളോ സഹായങ്ങളോ കേരളത്തിലെ ജനങ്ങൾക്കോ കേരളത്തിലെ ജനങ്ങൾ തുടങ്ങുന്ന പ്രസ്ഥാനങ്ങൾക്കോ കേരള ഗവൺമെന്റിനോ കിട്ടാൻ പോകുന്നില്ല. എഫ്.എ.സി.റ്റി-യും കെ.എസ്.ആർ.ടി.സി-യും ഉൾപ്പെടെയുള്ള നമ്മുടെ നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വായ്പ നൽകാൻ മുന്നോട്ടുവന്ന ഏക ബാങ്ക് എസ്.ബി.റ്റി-യാണ്. ബാങ്കിംഗ് മേഖലയിലെ എല്ലാ പാരാമീറ്റേഴ്സ് വച്ചു നോക്കുമ്പോഴും എസ്.ബി.ഐ.-യെക്കാൾ ഉയരത്തിലാണ് എസ്.ബി.റ്റി-യുടെ പെർഫോർമെൻസ് എന്ന് കാണാൻ സാധിക്കും. ഇത് നമ്മുടെ ഫെഡറൽ തത്വങ്ങൾക്കെതിരായ ഒരു നീക്കമാണ്. കേരളം ഇന്ത്യൻ യൂണിയനിൽ ചേർന്ന അവസരത്തിൽ സ്വന്തം ബാങ്കായി നമുക്കുണ്ടായിരുന്ന, കേരള ഗവൺമെന്റിന് ഓഹരി പങ്കാളിത്തമുള്ള, കേരളത്തിന്റെ മണമുള്ള ധനകാര്യ സ്ഥാപനമായി നിലനിൽക്കേണ്ട കേരളത്തിന്റെ പേരിലുള്ള ബാങ്കാണ് നമ്മുടെ ഗവൺമെന്റുമായി ആലോചിക്കാതെയും കേരളത്തിലെ ജനങ്ങളുടെ വികാരം കണക്കിലെടുക്കാതെയും എസ്.ബി.ഐ-യിൽ ലയിപ്പിച്ച് അതിന്റെ തനിമ നഷ്ടപ്പെടുത്തുന്നത്. മുഴുവൻ നഷ്ടവും സംഭവിക്കുന്നത് കേരളത്തിനാണ്. കേരള

ഗവൺമെന്റിന് ഓഹരി പങ്കാളിത്തമുള്ള ഒരു ബാങ്കെന്ന നിലയിൽ എസ്.ബി.റ്റി ലയനത്തെ ഈ സഭ ഒറ്റക്കെട്ടായി എതിർക്കുകതന്നെ വേണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് നമ്മുടെ നാടിനോ ജനങ്ങൾക്കോ യാതൊരു വിധത്തിലുള്ള ഗുണവും നൽകുന്നതല്ല. ഒരു പടുകൂറ്റൻ ബാങ്കുണ്ടായി എന്നതുകൊണ്ട് കേരളത്തിനെന്താണ് ഗുണം? ഞാൻ നേരത്തെ പറഞ്ഞപോലെ, പടുകൂറ്റൻ ബാങ്ക് ഡെപ്പോസിറ്റുകളുടെയും വായ്പകളുടെയും കാര്യത്തിൽ കേരളത്തിലെ സാധാരണക്കാരന്റെ കാര്യങ്ങൾ പരിഗണിക്കില്ലെന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഇത് കേരളത്തിലെ താൽപ്പര്യങ്ങൾക്കെതിരാണ്. ഈ ലയനത്തെ ഈ നാട് ഒറ്റക്കെട്ടായി നിന്ന് എതിർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

## <u>എസ്.ബി.റ്റി-എസ്.ബി.ഐ ലയന തീരുമാനം</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, എസ്.ബി.റ്റി-ക്ക് നമ്മുടെ സംസ്ഥാനത്തുള്ള പ്രാധാന്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ സവിസ്തരം പറഞ്ഞുകഴിഞ്ഞു. അവയൊക്കെ ഞാൻ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഇത് ചില ജീവനക്കാരുടെ പ്രൊമോഷന്റെ പ്രശ്നമാണെന്നും ചില തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്നതിന്റെ കാര്യങ്ങൾ മാത്രമാണെന്നും ദേശീയ താൽപ്പര്യം വച്ച് നോക്കുമ്പോൾ വളരെ പ്രധാനപ്പെട്ട കാര്യമാണ്, അതിന് തടസം നിൽക്കാൻ പാടില്ലെന്നും മറ്റും ഇന്ന് ചിലർ

പറഞ്ഞു നടക്കുന്നുണ്ട്. ഈ സർക്കാർ അതിനോടൊന്നും യോജിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വികാരത്തോടും അഭിപ്രായത്തോടുമാണ് യോജിപ്പുള്ളത്. ഒന്ന്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി നമ്മുടെ സംസ്ഥാനത്തിന് ചരിത്രപരവും വൈകാരികവുമായ ബന്ധമുണ്ട്. 1945-ലാണ് ഈ ബാങ്ക് രൂപീകരിക്കുന്നതെങ്കിലും അതിനും എത്രയോ നാളുകൾക്കുമുമ്പ് നിലവിലുണ്ടായിരുന്ന കേരളത്തിലെ പതിനൊന്ന് ബാങ്കുകൾ ചേർന്നാണ് ഇത്തരത്തിലൊരു ബാങ്ക് സംസ്ഥാനത്തുണ്ടായത്. ഏതാണ്ട് ഒരു നൂറ്റാണ്ടിന്റെ ചരിത്രമുള്ള ബാങ്കാണിത്. ഉടമസ്ഥത എസ്.ബി.ഐ-ക്ക് ആണെങ്കിലും ഈ ബന്ധം വളരെ പ്രധാനപ്പെട്ടതാണ്. രണ്ട്, ഇത് ഏറ്റവും കൂടുതൽ ബ്രാഞ്ചുകളുള്ള ബാങ്കാണ്, ഏകദേശം 800-ൽ പരം ബ്രാഞ്ചുകൾ കേരളത്തിലുണ്ട്. ഇന്ന് ഏറ്റവും കൂടുതൽ വായ്പ കേരളത്തിന് നൽകുന്ന ബാങ്ക് എസ്.ബി.റ്റി-യാണ്. ചെറുകിട കച്ചവടം, കൃഷി തുടങ്ങിയ മേഖലകളിലാണ് കൂടുതൽ വായ്പ നൽകുന്നത്. സർക്കാരിന്റെ പണമിടപാടുകൾ, നമ്മുടെ ട്രഷറി, ഈ ബാങ്കുമായിട്ടാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. സർക്കാരിന്റെ ട്രഷറി ഇടപാടുകൾ മാത്രമല്ല ഇപ്പോൾ ഇ-ഫയലിംഗ്, ഇ-ടെണ്ടറിംഗ് തുടങ്ങിയ കാര്യങ്ങളിലെല്ലാം വളരെ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. ഇത് എസ്.ബി.ഐ.യുമായി ലയിക്കുന്നതിന്റെ ഫലമായി കേരളത്തിന് എന്താണ് നഷ്ടപ്പെടുന്നത്? ഉത്തരം, വൈകാരികമായിട്ടുള്ള ബന്ധങ്ങൾ, പ്രാദേശികമായ ജൈവബന്ധങ്ങൾ, ഈ

സ്ഥാപനങ്ങളുടെ നിക്ഷേപത്തിന്റെ സ്വഭാവത്തെ സാരമായി ബാധിക്കും, ഇതാണ് ഇന്ത്യയിലെ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ വളർച്ചയെക്കുറിച്ച് പഠിച്ചിട്ടുള്ളവർ ചൂണ്ടിക്കാണിക്കുന്നത്. പ്രൊഫസർ അമിയകുമാർ ബക്ഷിയുടെ ഏറ്റവും പ്രസിദ്ധമായ 'പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിൽ എന്തുകൊണ്ട് കിഴക്കേ ഇന്ത്യ പടിഞ്ഞാറേ ഇന്ത്യയെ അപേക്ഷിച്ച് പിന്നോക്കം പോയി എന്നതുസംബന്ധിച്ച് വിശദീകരിക്കുന്നുണ്ട്. അതൊരു 500 പേജുള്ള പുസ്തകമാണ്. അതിന്റെ തീസീസാണ് ഞാൻ പറയുന്നത്, അവിടുത്തെ മാർവാടി മൂലധനത്തിന് പ്രാദേശികമായ ജൈവബന്ധങ്ങളുണ്ടായിരുന്നില്ല, ഇതിൽനിന്ന് വ്യത്യസ്തമായിരുന്നു പശ്ചിമ ഇന്ത്യയിലെ സ്ഥിതി. എസ്.ബി.റ്റി, എസ്.ബി.ഐ-യുമായി ലയിച്ചു കഴിയുമ്പോൾ നമ്മുടെ കേരളത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചായിരിക്കില്ല, ഈ ഭീമൻ ബാങ്കിന്റെ ആഗോളതന്ത്രത്തിന് വിധേയമായിട്ടായിരിക്കും ഇവിടുത്തെ വായ്പകളെല്ലാം. ഇന്ത്യയിലെ കോർപ്പറേറ്റുകളെ സംബന്ധിച്ചിടത്തോളം 8000 കോടി രൂപ ഒറ്റയടിക്ക് എസ്.ബി.ഐ.യിൽ നിന്ന് അനധികൃതമായി വായ്പയായി നേടിയെടുത്ത ചില കോർപ്പറേറ്റ് കമ്പനികളുണ്ട്. അവിടെ നിന്നാണ് ഇത് തുടങ്ങുന്നത്. അത്തരത്തിലുള്ളവരെ സംബന്ധിച്ചിടത്തോളം ഇത് വളരെ സന്തോഷകരമായിരിക്കും. പക്ഷേ കേരളത്തിലെ സാധാരണക്കാർക്ക് അങ്ങനെയായിരിക്കില്ല. ഈ പശ്ചാത്തലത്തിൽ നമ്മുടെ വികസനത്തെ

പ്രതികൂലമായി ബാധിക്കുന്ന കാര്യമെന്നുള്ള നിലയിൽ സംസ്ഥാനത്തിന്റെ മൊത്തം താൽപ്പര്യമാണ് നിലനിൽക്കാനുള്ളത്. പ്രതിപക്ഷത്തിരിക്കുന്നവർക്കും ഇതിൽ എതിർപ്പുണ്ടാകില്ലെന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഈ വിഷയം സംബന്ധിച്ച് സബ്മിഷനായി ഈ സഭയിൽ കൊടുത്തുവെന്ന് പറയുകയുണ്ടായി. എന്റെ നിർദ്ദേശം ഇക്കാര്യം സംബന്ധിച്ച് ഈ നിയമസഭയിൽ ഏകകണ്ഠമായി ഒരു പ്രമേയം പാസാക്കുന്ന സന്ദർഭമുണ്ടാകണം. അങ്ങ് അതുസംബന്ധിച്ച തീരുമാനമെടുക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ അഭിപ്രായത്തോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുകയാണ്. ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളിൽ അഞ്ച് ബാങ്കുകളെയാണ് ഇപ്പോൾ എസ്.ബി.ഐ-യിൽ ലയിപ്പിക്കാൻ തീരുമാനിച്ചത്. അതിനോട് കോൺഗ്രസ് പാർട്ടിക്കും യു.ഡി.എഫ്.-നും പൂർണ്ണമായ വിയോജിപ്പാണുള്ളത്. അതുകൊണ്ടുതന്നെ സഭാനേതാവുമായി ആലോചിച്ച് അങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നാൽ പ്രതിപക്ഷവും അതുമായി സഹകരിക്കാൻ തയ്യാറാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: അഭിപ്രായ സമന്വയമുള്ള ഇക്കാര്യത്തിൽ സഭയുടെ ഐകകണ്ഠമായ ഒരു പ്രമേയം പാസാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പാറക്കൽ അബ്ദുള്ള: സർ, വളരെ അടിയന്തര പ്രാധാന്യത്തോടുകൂടി പരിഹാരം കാണേണ്ട വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കേരളത്തിലെ കേരകർഷകരുടെ കാര്യം വളരെ പരിതാപകരമാണ്. ഒരുകാലത്ത് അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും പ്രതീകമായിരുന്ന കൽപ്പവൃക്ഷം എന്നറിയപ്പെടുന്ന തെങ്ങ്. കേരകർഷകർ നട്ടു നിവർത്തി തല ഉയർത്തി നടന്ന കാലമുണ്ടായിരുന്നു. ആ കാലം ഇന്നൊരു ഓർമ്മ മാത്രമാണ്. തേങ്ങയ്ക്ക് ഇന്ന് വിലയില്ലാതായി, കേരകർഷകന്റെ ജീവിതത്തിനും. തെങ്ങുപോലെ ആദായമുള്ള ഒരു വൃക്ഷമില്ല. കേരം തിങ്ങും കേരള നാടിന് ധന സമൃദ്ധിയുടെ ഒരു നല്ല കാലമുണ്ടായിരുന്നു. പറമ്പിലെ തെങ്ങിന്റെ എണ്ണം നോക്കി മനുഷ്യന്റെ സാമൂഹിക നിലവാരം അളന്നിരുന്ന ഒരു കാലം. കാലം കുറേ മുന്നോട്ട് പോയി. ഇന്ന് തേങ്ങ ആർക്കും വേണ്ടാത്ത വസ്തുവായി. വിലക്കുറവിനൊപ്പം തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളും കേരകർഷകരെ കുറച്ചൊന്നുമല്ല ക്ഷീണിപ്പിച്ചത്. 1960-ൽ 500 രൂപയിൽ താഴെയായിരുന്ന ഒരു പവൻ സ്വർണ്ണത്തിന്റെ വില. തേങ്ങയ്ക്ക് അന്ന് വില ഒരു രൂപ.

കർഷകത്തൊഴിലാളി കൂലി രണ്ട് രൂപ. ഇന്ന് ഒരു പവൻ സ്വർണ്ണത്തിന്റെ വില ഇരുപതിനായിരത്തിന് മുകളിൽ. തേങ്ങയ്ക്ക് വില വെറും അഞ്ചര രൂപ. ആണ്ടുകൾ ഒരുപാട് പിന്നിട്ടിട്ടും തേങ്ങയുടെ വിലയിൽ വലിയ മാറ്റങ്ങളൊന്നുമില്ല. പിന്നെങ്ങനെയാണ് കേരകർഷകനും കേരകൃഷിയും രക്ഷപ്പെടുക; നാളികേര ഉൽപാദനത്തിൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളം ഇപ്പോൾ തമിഴ്നാട്ടിനും കർണ്ണാടകത്തിനും പിന്നിലാണെന്ന് കണക്കുകൾ പറയുന്നു. എട്ടുലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് കേരകൃഷിയുള്ള കേരളത്തിൽ 5798 ദശലക്ഷം നാളികേരം ഉൽപാദിപ്പിക്കാൻ മാത്രമേ നമുക്ക് കഴിയുന്നുള്ളൂ. എന്നാൽ 4.65 ലക്ഷം ഹെക്ടറിൽ നിന്ന് തമിഴ്നാട് 6917 ദശലക്ഷം തേങ്ങ ഉൽപാദിപ്പിക്കുന്നു. 5.13 ലക്ഷം ഹെക്ടർ ഭൂമിയിൽ കൃഷിയുള്ള കർണ്ണാടകയിൽ 6058.86 ലക്ഷം നാളികേരം വിളവെടുക്കുന്നു. 35 ലക്ഷത്തോളം നാളികേര കർഷകരും അനുബന്ധ തൊഴിലാളികളും കേരളത്തിൽ ഉണ്ടെന്നാണ് കണക്ക്. എന്നാൽ കൃഷിഭൂമിയുടെ വിസ്തീർണ്ണം ഓരോ വർഷവും വൻതോതിൽ കുറഞ്ഞുവരുന്നതായി ഔദ്യോഗിക രേഖകളിൽ വ്യക്തമാക്കുന്നു. കാർഷികനിലങ്ങൾ ഓരോന്നായി നികത്തപ്പെടുമ്പോൾ എല്ലാം വികസനത്തിന്റെ പേരിലാണെന്ന് സമാധാനിക്കുന്ന

നമുക്ക് നഷ്ടപ്പെടുന്നത് കേരളം എന്ന സംസ്ഥാനത്തിന്റെ കാർഷിക പാരമ്പര്യമാണ്. രണ്ടു മാസം കൂടുമ്പോഴാണ് സാധാരണനിലയിൽ നാളികേരം വിളവെടുപ്പ് നടത്തുന്നത്. തേങ്ങയ്ക്ക് വിലയില്ലെങ്കിലും അതിന്റെ വിളവെടുപ്പിനാവശ്യമായ തൊഴിലാളികൾക്കുള്ള കൂലിയിൽ ദിവസേന വർദ്ധനവുണ്ടാവുകയാണ്. കൂലി കൊടുത്താൽ തന്നെ തൊഴിലാളികളെ കിട്ടാനുമില്ല. നിരവധി പ്രശ്നങ്ങൾ നേരിട്ട് സമയത്തിന് തേങ്ങയുടെ വിളവെടുപ്പ് നടത്താതിരിക്കുന്നത് ഗുരുതരമായ ഒരു സാമൂഹിക പ്രശ്നം കൂടിയാണ്. ആഴ്ചകൾക്കുമുമ്പ് എന്റെ മണ്ഡലത്തിൽ മണിയൂരിൽ ഒരു കുട്ടി തേങ്ങ തലയിൽ വീണ് മരിക്കാനിടയായ സംഭവം വേദനയോടെ ഞാനിവിടെ ഓർമ്മിപ്പിക്കുകയാണ്. ഇത്തരം അപകടവാർത്തകൾ സംസ്ഥാനത്ത് ഒരുപാട് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ കാർഷിക മേഖലയെ മുമ്പോട്ട് കൊണ്ടുപോകാൻ കർഷകൻ നേരിടുന്ന ബുദ്ധിമുട്ട് തെങ്ങിനോളം വലുതാണ്. നാളികേരത്തിന് അടിക്കടി വിലകുറയുകയും അനുബന്ധ ചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈയൊരു കൃഷി ഉപേക്ഷിക്കുകയല്ലാതെ മറ്റൊന്നും മാർഗ്ഗമാണ് കേരകർഷകർക്ക് മുന്നിലുള്ളത്. കൂട്ടത്തിൽ മണ്ഡരി, കാറ്റുവീഴ്ച തുടങ്ങി തെങ്ങിനെ ബാധിക്കുന്ന വിവിധ രോഗങ്ങളും ലോകവ്യാപാര കരാറിനെത്തുടർന്ന്

ഇന്തോനേഷ്യ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നിരവധി നാളികേര ഉൽപ്പന്നങ്ങൾ കേരളത്തിലേക്ക് എത്തിത്തുടങ്ങിയതോടെ സ്വന്തം നാടിന്റെ നാളികേര വിപണന സാദ്ധ്യതകൾ അസ്തമയം കണ്ടുതുടങ്ങി. പാലിന്റെ വില നിർണ്ണയിക്കാനും വില കുറയാതെ വിപണിയിൽ പിടിച്ചുനിർത്താനും മിൽമയ്ക്ക് കഴിയുന്നുണ്ട്. എന്നാൽ തേങ്ങയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വില നിശ്ചയിക്കാനോ കർഷകരെ സഹായിക്കാനോ ഒരു സംവിധാനവും ഇന്ന് സംസ്ഥാനത്ത് നിലവിലില്ല എന്നത് ഏറെ ഖേദകരമാണ്. റബ്ബറിന് വിലയിടിവ് നേരിട്ടപ്പോൾ 300 കോടിരൂപയാണ് കേന്ദ്രം ധനസഹായം നൽകിയത്. റബ്ബർ വിലയിടിവിന്റെ പേരിലുണ്ടാകുന്ന ബഹളത്തിന്റെ നാലിലൊന്നെങ്കിലും സംസ്ഥാനത്തിന്റെ സ്വന്തം വിളയായ നാളികേരത്തിന്റെ കാര്യത്തിലുണ്ടായാൽ എത്ര നന്നായിരുന്നുവെന്ന് കർഷകർ ആഗ്രഹിച്ചുപോയാൽ അവരെ കുറ്റം പറയാൻ പറ്റില്ല. റബ്ബർ മേഖലയേക്കാൾ എത്രയോ ഇരട്ടി.....

<u>മി. സ്പീക്കർ</u>: യെസ്....യെസ്........അങ്ങയുടെ പോയിന്റ് ക്ലിയറായി.

<u>ശ്രീ. പാറക്കൽ അബ്ദുള്ള</u>: സർ, കർഷകർ കേരകൃഷിയെ ആശ്രയിച്ച് ജീവിക്കുന്നുവെങ്കിലും അവരെ സഹായിക്കാൻ ഇവിടെ ഒരു നിയമവുമില്ല. ഇരുപത് കോടിയോളം തെങ്ങുകളുള്ള കേരളത്തിൽ നാളികേരത്തിന്റെ മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും വഴി മാത്രമേ നാളികേരത്തിന് ന്യായവിലയും കർഷകന് സ്ഥിരവരുമാനവും ഉറപ്പുവരുത്താൻ കഴിയൂ. ആയതിനാൽ സംസ്ഥാനത്തെ കേരകർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരമായി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കണമെന്നാണ് സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്. മലബാർ മേഖലയുടെ ഒരു പ്രതിനിധി എന്ന നിലയിൽ ഒരു കാര്യംകൂടി പറയാനുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നാളികേര കർഷകർ ഉള്ള ജില്ലയാണ് കോഴിക്കോട് ജില്ല. ഈ മേഖലയെ ആശ്രയിച്ച് കഴിയുന്ന ഏഴ് ലക്ഷത്തോളം കർഷകരും കർഷകത്തൊഴിലാളികളും ഇവിടെയുണ്ട്. നാളികേര വികസന ബോർഡിന്റെ കണക്കുപ്രകാരം ജില്ലയിൽ 1,23,066 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ട്. ലോകപ്രശസ്തിയാർജ്ജിച്ച **രാജാ സൂർജിത്റേയുടെ** രാജ്യത്തെ തന്നെ പ്രധാന കേന്ദ്രം കോഴിക്കോട് ജില്ലയിലെ വടകര താലൂക്കാണ്. വലിപ്പത്തിലും ഗുണമേന്മയിലും മുൻപന്തിയിലുള്ള നാളികേരം ലഭിക്കുന്നത് എന്റെ മണ്ഡലമായ കുറ്റ്യാടിയിലാണ്.........

മി. സ്പീക്കർ: മിനിസ്റ്റർ പറയട്ടെ. മിനിസ്റ്റർ ഇതിന് അനുകൂലമാണ്.

ശ്രീ. പാറക്കൽ അബ്ദുള്ള: സർ, മണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര സംഭരണം സംസ്കരണം വിപണനം എന്നിവ ലക്ഷ്യമാക്കി ആരംഭിച്ച

നാളികേര വികസന പാർക്ക് ഇന്നും പ്രവർത്തന സജ്ജമായിട്ടില്ല. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ നടപടികളുണ്ടാകണം. കൂടാതെ കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസത്തിൽ അനുഭവപ്പെട്ട കടുത്ത ചൂടിൽ എന്റെ നിയോജകമണ്ഡലത്തിൽ മാത്രം ഏഴായിരത്തോളം തെങ്ങുകൾ ഉണങ്ങിക്കരിഞ്ഞ് പോയിട്ടുണ്ട്. അങ്ങനെ കോഴിക്കോട് ജില്ലയിൽ ഏകദേശം പതിനായിരക്കണക്കിന് തെങ്ങുകൾ ഉണങ്ങിക്കരിഞ്ഞ് പോയിട്ടുണ്ട്. ഇതിൽ കൃത്യമായ നഷ്ടപരിഹാരവും ഒരു ശാസ്ത്രീയ പഠനവും നടത്തണമെന്ന് അപേക്ഷിക്കുന്നു.

<u>കേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പാറക്കൽ അബ്ദുള്ള മലബാറിലെ മാത്രമല്ല കേരളത്തിലെ പ്രധാനപ്പെട്ട വിളയായിരിക്കുന്ന തെങ്ങുകൃഷിയെപ്പറ്റിയാണ് ഇവിടെ സൂചിപ്പിച്ചത്. ഇത് വളരെ ഗൗരവമായിത്തന്നെയാണ് സർക്കാർ കാണുന്നത്. മാത്രമല്ല, അദ്ദേഹം സൂചിപ്പിച്ചതുപോലെ തെങ്ങുകൃഷിയിൽ നിന്നും കൃഷിക്കാർ വിട്ടുപോകുന്ന ഒരു സാഹചര്യം സൃഷ്ടിക്കാൻ ഒരിക്കലും ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

കേരളത്തിലെ കേരകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം നാളികേരത്തിന്റെ വിലയിടിവാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സ്റ്റേറ്റുകളിൽ കേരളത്തെക്കാൾ കൂടുതൽ ഉൽപ്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമുണ്ട്. ഇതിനെത്തുടർന്ന് കേരളത്തിൽ നാളികേരത്തിന്റെ വിലയിടിവ് വളരെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. കൊപ്രയുടെ തറവിലയായി ഇപ്പോൾ കേന്ദ്രം നിശ്ചയിച്ചിരിക്കുന്നത് 5950 രൂപ നിരക്കിലാണ്. എന്നാൽ ഇപ്പോൾ 5265 രൂപ നിരക്കിലാണ് പൊതുവിപണിയിൽ വ്യാപാരം നടന്നുവരുന്നത്. 12 രൂപ മുതൽ 16 രൂപ നിരക്കിലാണ് പച്ചത്തേങ്ങ വിപണനം നടന്നുകൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരമായി നാളികേര കർഷകർക്ക് ന്യായവില ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെന്റ് കൃഷിവകുപ്പ് മുഖാന്തരം ഇപ്പോൾ പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. ഒരു ക്വിന്റലിന് 1400 രൂപ വിലയുള്ളപ്പോൾ ഒരു കിലോയ്ക്ക് 25 രൂപ നിരക്കിൽ 2500 രൂപ വിലയ്ക്കാണ് കേരഫെഡ് കൃഷിഭവനിലൂടെ നാളികേരം സംഭരിക്കുന്നത്. ഇപ്പോൾ 12 ജില്ലകളിലായി 381 കൃഷിഭവനുകളിലൂടെ 1,24,748 ടൺ പച്ചത്തേങ്ങ കേരഫെഡ് സംഭരിച്ചുകഴിഞ്ഞു. ഈയിനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 43

കോടിരൂപയാണ് കുടിശ്ശികയുണ്ടായിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതിൽ 18 കോടിരൂപ നൽകുകയുണ്ടായി. ബാക്കിത്തുക സമയബന്ധിതമായി കൊടുക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരികയാണ്. നേരത്തേ അദ്ദേഹം സൂചിപ്പിച്ചതുപോലെ ഇന്തോനേഷ്യയിലും മലേഷ്യയിലും ശ്രീലങ്കയിലും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വലിയ ശൃംഖല തന്നെ സൃഷ്ടിക്കപ്പെടുകയുണ്ടായി. പക്ഷേ കേരം തിങ്ങുന്ന നമ്മുടെ കേരള നാട്ടിൽ ആ രാജ്യത്തുണ്ടായതുപോലുള്ള ഒരു വാല്യൂ അഡീഷൻ ഉണ്ടാക്കിയെടുക്കാനോ വില സ്ഥിരത ഉറപ്പുവരുത്താനാവശ്യമായ വളരെ വലിയൊരു പാക്കേജ് ഉണ്ടാക്കിയെടുക്കാനോ നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഗവൺമെന്റ് ഈ വിഷയം കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഹ്രസ്വകാല പദ്ധതി എന്നനിലയിലും ദീർഘകാല പദ്ധതി എന്ന നിലയിലും രണ്ടുരീതിയിലാണ് ഇതിന് പരിഹാരം കാണാൻ ശ്രമിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ നാളികേര കർഷകർക്ക് ആശ്വാസമായി സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനിലേക്കും സംഭരണം വ്യാപിപ്പിക്കുന്നതിനുവേണ്ടി ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നാഫെഡ് മുഖേന കൊപ്ര സംഭരിക്കാൻ വേണ്ടിയുള്ള നടപടി ആരംഭിക്കുന്നതിന് സംസ്ഥാനസർക്കാർ കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന മാതൃകയിലുള്ള

അപേക്ഷ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ദീർഘകാല പദ്ധതി എന്ന നിലയിൽ തെങ്ങുകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി നാളികേര കൃഷിക്കാർക്ക് സഹായം നൽകുന്നതിന് വിവിധ പദ്ധതികളും കൃഷിവകുപ്പ് നടപ്പാക്കിവരുന്നുണ്ട്. ശാസ്ത്രീയമായി തെങ്ങുകൃഷി പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. അതുപോലെ തന്നെ 2015-16 വരെ കാസർഗോഡ് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കിയിരുന്നത്. ഈ സാമ്പത്തിക വർഷം കാസർഗോഡ് ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 30 കേര ഗ്രാമങ്ങൾ കൂടി പുതിയതായി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംയോജിത കൃഷി പരിപാലന മുറകൾ നടപ്പാക്കുന്നതിനും ഇടവേള കൃഷി ചെയ്ത് തെങ്ങിൻ തോപ്പുകളിലെ ആദായം വർദ്ധിപ്പിക്കുന്നതിനും കേരകർഷകർക്ക് ഹെക്ടറിന് 25000 രൂപ വീതം ധനസഹായം നൽകുവാനും കഴിയും. തെങ്ങിൻതോപ്പുകളിൽ ജലസേചനം സൗജന്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25000 രൂപ നിരക്കിൽ ആനുകൂല്യം നൽകാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇവകൂടാതെ തെങ്ങുകയറ്റത്തൊഴിലാളി ദൗർലഭ്യവും വിളവെടുപ്പിന് സസ്യസംരക്ഷണ

പ്രവർത്തനങ്ങളും കർഷകരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. തൊഴിലാളികളുടെ ദൗർലഭ്യം ഉൾപ്പെടെ പരിഹരിക്കുന്നതിനും നടപ്പാക്കുന്നതിനുമായി കേരസമൃദ്ധി പദ്ധതിക്ക് ഈ വർഷം കൂടുതൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കർമ്മപദ്ധതി രൂപീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ തന്നെ സൂചിപ്പിച്ചതുപോലെ നീരയുടെയും തെങ്ങിൽ നിന്നുള്ള മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും അതിന്റെ വിപണനം നടത്തുന്നതിനും ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്ക് കൂടുതൽ സൗകര്യം നൽകിക്കൊടുക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുള്ള: സർ, നാളികേര അധിഷ്ഠിത അനുബന്ധ വ്യവസായം ആരംഭിക്കാൻ ആവശ്യമായ എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, മലേഷ്യയിലെയും സിംഗപ്പൂരിലെയും കാര്യം ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉൽപ്പന്നമായിരിക്കുന്ന നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന വലിയ നാളികേര പാർക്കുകൾ വ്യാപകമായി സ്ഥാപിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള

മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കും.